**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2946** **12-07-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി സബ്സിഡി സംബന്ധിച്ച് ലോക വ്യാപാര സംഘടനയുടെ നിർദ്ദേശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എച്ച്. സലാം** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ലോക വ്യാപാര സംഘടനയുടെ പന്ത്രണ്ടാമത് മന്ത്രിതല യോഗത്തിലെ കരട് രൂപരേഖയിൽ സുസ്ഥിര കടൽ വിഭവ വിനിയോഗം ഉറപ്പാക്കാനെന്ന പേരിൽ മത്സ്യത്തൊഴിലാളികൾക്ക് അംഗ രാജ്യങ്ങൾ നൽകുന്ന സബ്സിഡിയും സാമ്പത്തിക ആനുകൂല്യവും നിർത്തലാക്കണമെന്ന നിർദ്ദേശം മുന്നോട്ട് വച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ലോക വ്യാപാര സംഘടനയുടെ പന്ത്രണ്ടാമത് മന്ത്രിതല യോഗത്തിൽ അംഗീകരിച്ച കരട് രൂപരേഖ സംബന്ധിച്ച് ഔദ്യോഗികമായ വിവരങ്ങൾ വകുപ്പിന് ലഭ്യമായിട്ടില്ല. എന്നാൽ WTO Site-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള 17-06-22-ലെ മന്ത്രിതലയോഗ തീരുമാനത്തിൽ നിന്നും മനസ്സിലാവുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ആർട്ടിക്കിൾ (3.1) പ്രകാരം നിയമവിരുദ്ധമായും, റിപ്പോർട്ട് ചെയ്യ പ്പെടാത്തതും നിയന്ത്രിക്കപ്പെടാത്തതുമായ മാർഗ്ഗങ്ങളിലൂടെ മത്സ്യ ബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക്/ യാനങ്ങൾക്ക് സബ്സിഡി നൽകുന്നത് തടയണമെന്നതാണ് പൊതുവായ തീരുമാനം.<br><br>2. ആർട്ടിക്കിൾ (3.8) പ്രകാരം വികസ്വര രാജ്യങ്ങളിലും, Least Developed രാജ്യങ്ങളിലും പ്രത്യേക സാമ്പത്തിക മേഖല (EEZ) - യ്ക്കുള്ളിൽ രണ്ട് വർഷത്തേക്ക് മേൽപ്പറഞ്ഞ ആർട്ടിക്കിൾ 3.1, ആർട്ടിക്കിൾ 10 എന്നിവ പ്രകാരമുള്ള തീരുമാനം നടപ്പിലാക്കുന്നത് ഒഴിവാക്കിയിട്ടുണ്ട്.<br><br>3. ആർട്ടിക്കിൾ (4.1) പ്രകാരം ഏതെങ്കിലും ഒരു പ്രത്യേക സ്പീഷീസിൽ പ്പെട്ട മത്സ്യം അതിന്റെ പിടിച്ചെടുക്കാവുന്ന അളവിനേക്കാൾ കൂടുതൽ പിടിക്കുന്ന (Over Fished stocks) തരം മത്സ്യബന്ധനം നടത്തുന്ന യാനങ്ങൾക്ക് സബ്സിഡി അനുവദിക്കാൻ പാടില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ആർട്ടിക്കിൾ (4.4) പ്രകാരം വികസ്വര രാജ്യങ്ങളിലും Least Developed രാജ്യങ്ങളിലും പ്രത്യേക സാമ്പത്തിക മേഖലക്കുള്ളിൽ (EEZ) രണ്ട് വർഷത്തേക്ക് ഈ തീരുമാനം നടപ്പിലാക്കുന്നത് |

| | | | |
|---|---|---|---|
| | | | ഒഴിവാക്കിയിട്ടുണ്ട്. സാധാരണ രണ്ട് വർഷത്തിലൊരിക്കലാണ് WTO-യുടെ മന്ത്രിതല യോഗം നടക്കാറുള്ളത്. നിലവിൽ ഇന്ത്യ ഉൾപ്പെടെയുള്ള വികസ്വര രാജ്യങ്ങളുടെ EEZ-ൽ മന്ത്രിതലയോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നത് രണ്ട് വർഷത്തേക്ക് ഒഴിവാക്കിയിട്ടുള്ളത്കൊണ്ട് മത്സ്യ മേഖലയിൽ ഇതിനകം ഉയർന്നു വന്നിട്ടുള്ള ആശങ്കകൾക്ക് താൽക്കാലിക ശമനം ഉണ്ടായിട്ടുണ്ട്. ഇന്ത്യ ഉൾപ്പെടെയുള്ള വികസ്വരരാജ്യങ്ങളുടെ ശക്തമായ എതിർപ്പിനെ തുടർന്നാണ് 2 വർഷത്തേക്ക് ഇങ്ങനെ ഒരു തീരുമാനം ഉണ്ടായതെന്നാണ് മനസ്സിലാക്കു ന്നത്. |
| (ബി) | ചെറുകിട മത്സ്യത്തൊഴിലാളികളെ സാരമായി ബാധിക്കുന്ന പ്രസ്തുത നിർദ്ദേശത്തോട് സർക്കാരിന്റെ സമീപനം എന്താണെന്ന് അറിയിക്കാമോ; | (ബി) | സമൂഹത്തിൽ ഏറ്റവും അധികം പിന്നോക്കാവസ്ഥയിൽ ഇപ്പോഴും നിലകൊള്ളുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിന് നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഇനിയും തുടരണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. ഇക്കാര്യം കേന്ദ്ര സർക്കാരിനെ രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ലോക വ്യാപാര സംഘടനയുടെ പ്രസ്തുത നിർദ്ദേശം സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിലപാടിനെക്കുറിച്ച് അറിവുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | ഇന്ത്യ ഉൾപ്പെടെയുള്ള വികസ്വര രാജ്യങ്ങളുടെ എതിർപ്പിന്റെ ഫലമായിട്ടാണ് വികസ്വരരാജ്യങ്ങളുടെ പ്രത്യേക സാമ്പത്തിക മേഖലകളിൽ (EEZ) WTO യുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നത് 2 വർഷത്തേക്ക് ഒഴിവാക്കേണ്ടി വന്നത് എന്നാണ് മനസിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ